പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .109 — 03-02-2020 ൽ മറുപടിക്ക്

**പ്രളയ/കാലവർഷ ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ കേന്ദ്ര സർക്കാർ സഹായം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ .കെ .ദാസൻ | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രളയ/കാലവർഷ ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ എത്ര കോടി രൂപയുടെ സഹായമാണ് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുള്ളത്; | എ) | 9142.2 കോടി രൂപയുടെ സഹായമാണ് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുള്ളത്. |
| ബി) | ഇതുവരെയായി കേന്ദ്രസർക്കാരിൽ നിന്നും പണമായി എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത്; വിശദമാക്കാമോ; | ബി) | 3048.27 കോടി രൂപയാണ് കേന്ദ്ര സർക്കാർ പ്രകൃതി ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ അധിക ധനസഹായമായി അനുവദിച്ചിട്ടുള്ളത്. അതിൽ 2016-17 ലെ വരൾച്ചയുമായി ബന്ധപ്പെട്ട് 31.72 കോടി രൂപയും, 2017 ലെ ഓഖിയുമായി ബന്ധപ്പെട്ട് 111.7 കോടി രൂപയും, 2018 ലെ പ്രളയവുമായി ബന്ധപ്പെട്ട് 2904.85 കോടി രൂപയുമാണ് അനുവദിച്ചിട്ടുള്ളത്. |
| സി) | കേരളത്തിലെ പ്രളയ ദുരന്തസമയത്ത് സേവനം നൽകിയ വ്യോമസേനാ ഹെലികോപ്റ്ററുകളുടെ വാടക നൽകാൻ കേന്ദ്രം ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | സി) | ഉണ്ട്. 113,69,34,899/- രൂപയുടെ എയർബില്ലുകൾ ലഭ്യമായിട്ടുണ്ട്. ഓഖിയും, പ്രളയവും സംസ്ഥാനത്ത് ഉണ്ടാക്കിയ നാശനഷ്ടങ്ങൾ പരിഗണിച്ച് ഈ തുക അടക്കുന്നതിൽ നിന്ന് സംസ്ഥാനത്തെ ഒഴിവാക്കണമെന്നാവശ്യപ്പെട്ട് 25/07/2019 ൽ മുഖ്യമന്ത്രി കേന്ദ്ര പ്രതിരോധ വകുപ്പ് മന്ത്രിയ്ക്ക് കത്ത് നല്കിയിരുന്നെങ്കിലും മറുപടിയൊന്നും ലഭിച്ചിട്ടില്ല. |
| ഡി) | പ്രസ്തുത സമയത്ത് വിതരണം ചെയ്ത സൗജന്യ ഭക്ഷണ സാധനങ്ങൾക്ക് (റേഷൻ) വില നൽകുവാൻ കേന്ദ്രം സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ? | ഡി) | 2018 ലെ പ്രളയവുമായി ബന്ധപ്പെട്ട് അധികമായി അനുവദിച്ച 89540 MT അരിയുടെ തുകയായ 205.81 കോടി രൂപ നൽകുവാൻ കേന്ദ്രം ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ